# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 18.01.2026

## ശബരിമല ദർശനം ജനുവരി 19 വരെ

ശബരിമലയിൽ ഭക്തർക്കുള്ള ദർശനം ഇന്ന് ജനുവരി 19 രാത്രി 10 ന് അവസാനിക്കും. ജനുവരി 19 വൈകിട്ട് അഞ്ചു വരെ പമ്പയിൽ നിന്ന് ഭക്തരെ കടത്തി വിടും. രാവിലെ കുറഞ്ഞ ദ്രവ്യങ്ങളാലാണ് അഭിഷേകം. നെയ്യഭിഷേകം ഇന്നലെ (ജനുവരി 18) അവസാനിച്ചിരുന്നു. ഹരിവരാസനം ചൊല്ലി നട അടച്ച ശേഷം മണിമണ്ഡപത്തിന് മുന്നിൽ രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ഗുരുതി ആരംഭിക്കും.

ജനുവരി 20ന് പന്തളം രാജപ്രതിനിധിക്ക് മാത്രമാണ് ദർശനം. ഗണപതി ഹോമത്തിനു ശേഷം തിരുവാഭരണ മടക്കഘോഷയാത്ര പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലേക്ക് പുറപ്പെടും. രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി ഹരിവരാസനം ചൊല്ലി നട അടയ്ക്കും.

താക്കോൽക്കൂട്ടം രാജപ്രതിനിധിക്ക് മേൽശാന്തി കൈമാറും. പതിനെട്ടാം പടിയിറങ്ങി ദേവസ്വം ബോർഡ് പ്രതിനിധികളുടെയും മേൽശാന്തിയുടെയും സാന്നിദ്ധ്യത്തിൽ താക്കോൽക്കൂട്ടം ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് രാജപ്രതിനിധി കൈമാറും. മാസപൂജചെലവിനായി പണക്കിഴി നൽകി പന്തളം കൊട്ടാരത്തിലേക്ക് മടങ്ങും.
ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ അയ്യപ്പഭക്തർക്ക് ദർശനം അനുവദിക്കുന്ന

ഇന്ന് (ജനുവരി 19) വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യം. വെർച്വൽ ക്യൂ ബുക്കിംഗും ജനുവരി 19 വരെയുണ്ട്. ജനുവരി 19ന് വെർച്വൽ ക്യൂ വഴി 30,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും കടത്തിവിടും.

## മാളികപ്പുറം ഗുരുതി ഇന്ന്

ശബരിമല തീർഥാടനത്തിന് സമാപനം കുറിച്ച് മാളികപ്പുറം മണിമണ്ഡപത്തിന് മുന്നിൽ ഇന്ന് (ജനുവരി 19) ഗുരുതി. ഹരിവരാസനം ചൊല്ലി സന്നിധാനം നട അടച്ചശേഷം പന്തളം രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിലാണ് ചടങ്ങ്. വൈകിട്ട് ഗുരുതിക്കുള്ള ഒരുക്കം ആരംഭിക്കും.

മണിമണ്ഡപത്തിന് മുന്നിൽ വാഴപ്പോളയും കുരുത്തോലയും ഉപയോഗിച്ച് 64 കണ്ണങ്ങളുള്ള അഞ്ച് കളം തീർത്ത് നടുവിൽ പന്തം കൊളുത്തും. നിലവിളക്ക്, പൂക്കുല, പൂമാല എന്നിവ കൊണ്ട് അലങ്കരിക്കും. റാന്നി കുന്നയ്ക്കാട്ട് കുടുംബക്കാരായ രതീഷ് അയ്യപ്പകുറുപ്പ്, അജിത് ജനാർദന കുറുപ്പ്, ജയകുമാർ ജനാർദനകുറുപ്പ് എന്നിവർ നേതൃത്വം നൽകും. മാളികപ്പുറം കന്നിമൂല ഭാഗം, കൊച്ചുകടത്തയ്ക്ക് മുമ്പിൽ, മാളികപ്പുറം ഗോപുരത്തിന് കിഴക്ക് എന്നീ സ്ഥലങ്ങളിലും ഒരേ സമയം ഗുരുതിയുണ്ട്.

സന്ധ്യയോടെ മാളികപ്പുറത്തുള്ള രാജപ്രതിനിധി സന്നിധാനത്തേയ്ക്ക് മടങ്ങും. ഹരിവരാസനത്തിന് ശേഷം രാജപ്രതിനിധി മടങ്ങിയെത്തിന് ശേഷം ചടങ്ങ് ആരംഭിക്കും. രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും കുഴച്ചുണ്ടാക്കിയ ചുവന്ന നിണം തർപ്പണം ചെയ്ത്

കുമ്പളങ്ങ വെട്ടും. പ്രസാദം ഭക്തർക്ക് ഉൾപ്പെടെ വിതരണം ചെയ്യും. ഗുരുതിയുടെ ആദ്യ ചടങ്ങ് മാത്രമേ ഭക്തർക്ക് കാണാൻ കഴിയുകയുള്ളു. ഗുരുതിക്ക് മുമ്പായി മാളികപ്പുറം മേൽശാന്തിയും സന്നിധാനത്തേയ്ക്ക് മടങ്ങും.

ചടങ്ങിന്റെ അവസാനം രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ മണിമണ്ഡപം പൂട്ടി താക്കോൽ ദേവസ്വം അധികൃതർക്ക് കൈമാറും. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ആറു ദിവസം മാത്രമാണ് മണിമണ്ഡപം തുറക്കുക.

## ആത്മസംതൃപ്തിയോടെ മല ഇറങ്ങാൻ ദേശീയദുരന്ത നിവാരണ സേന

ശബരിമലയിലെത്തുന്ന തീർഥാടകർക്ക് ആപത്ഘട്ടങ്ങളിൽ കൈത്താങ്ങായി ദേശീയ ദുരന്ത നിവാരണ സേന. ചെന്നൈ ആരക്കോണം നാലാം നമ്പർ ബറ്റാലിയൻ കീഴിലുള്ള 61 അംഗ ദേശീയ ദുരന്ത നിവാരണ സംഘത്തിന്റെ സന്നിധാനത്തെ പ്രവർത്തനം ഏറെ പ്രശംസനീയം. സന്നിധാനത്ത് വിവിധ കാരണങ്ങളാൽ തളർന്നു വീഴുന്ന ഭക്തരുടെ രക്ഷയ്ക്കായി ആദ്യം ഓടിയെത്തുന്ന സംഘങ്ങളിലൊന്ന് എൻഡിആർഎഫാണ്. 2025 നവംബർ 19 മുതൽ ഇതുവരെ 380 ഓളം ഭക്തർക്ക് എൻഡിആർഎഫ് രക്ഷകരായി. കനത്ത തിരക്കിനിടയിലും പ്രാഥമിക ചികത്സ നൽകി സ്ട്രൈക്ക്ച്ചറിൽ രോഗികളെ കൃത്യസമയത്ത് സന്നിധാനം സർക്കാർ ആശുപത്രിയിലെത്തിക്കാൻ ഇവർ പ്രതിജ്ഞാബദ്ധരാണ്.
സന്നിധാനത്തും പമ്പയിലുമായി 61 അംഗ സംഘം 24 മണിക്കൂറും ജോലി ചെയ്യുന്നു. 18 പേർ മലയാളികളാണ്. തമിഴ്നാട്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ സ്വദേശികളുമുണ്ട്. സീനിയർ കമാൻഡന്റ് അഖിലേഷ്

കുമാറിന്റെ കീഴിലാണ് നാലാം നമ്പർ ബറ്റാലിയന്റെ പ്രവർത്തനം. സന്നിധാനത്തെയും പമ്പയിലെയും സംഘത്തെ ഡെപ്യൂട്ടി കമാൻഡന്റ് സങ്കേത് ഗെയ്ക്ക്വാദ് നിയന്ത്രിക്കുന്നു. സന്നിധാനത്ത് 41 പേരും പമ്പയിൽ 20 പേരും ജോലിക്കുണ്ട്. തമിഴ്നാട് സ്വദേശി ഇൻസ്പെക്ടർ എം കലയരശനും മലയാളി ഇൻസ്പെക്ടർ സുജിത്തുമാണ് ടീം കമാൻഡർമാർ. സന്നിധാനം കൊടിമരച്ചുവടിലും നടപ്പന്തലിലും 24 മണിക്കൂറും സന്നദ്ധരായി രണ്ട് ടീം പ്രവർത്തിക്കുന്നു. ആറു പേർ വീതമാണ് ഒരു ടീമിൽ. ഗണപതി ക്ഷേത്രത്തിന് താഴെയാണ് പമ്പയിലെ ക്യാമ്പ്. പുൽമേട്ടിൽ കുടുങ്ങിയ 50 ഓളം അയ്യപ്പ ഭക്തരെ പൊലിസിനൊപ്പം ഈ തീർഥാടന കാലത്ത് രക്ഷിക്കാനും ദേശീയ ദുരന്ത നിവാരണ സേനയ്ക്കായി. പൊലിസ് കൺട്രോൾ റൂമിൽ നിന്ന് കിട്ടിയ അറിയിപ്പ് പ്രകാരമായിരുന്നു രക്ഷാപ്രവർത്തനം. സംഘാംഗങ്ങളെല്ലാം മെഡിക്കൽ ഫസ്റ്റ് റെസ്പോൺസ് കോഴ്സ് പൂർത്തിയാക്കിയവരാണ്.

## ശബരിമലയിൽ എത്തിയത് 52 ലക്ഷം തീർഥാടകർ

മണ്ഡല മകര വിളക്ക് മഹോത്സവത്തിനായി ജനുവരി 18 രാത്രി ഏഴു വരെ പമ്പ വഴിയും പരമ്പരാഗത കാനനപാതയായ സത്രം പുല്ലുമേട് വഴിയും സന്നിധാനത്ത് എത്തിയത് 52,10,596 ഭക്തർ. പമ്പ വഴി 50,07,809 ഉം സത്രം പുല്ലുമേട് വഴി 2,02,781 ഭക്തരുമാണ് എത്തിയത്. 3,056 പേർ ദർശനത്തിന് ശേഷം സന്നിധാനത്ത് നിന്ന് കാനന പാത വഴി മടങ്ങി. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ജനുവരി 19 രാത്രി ഒമ്പതു വരെയാണ് ഭക്തർക്ക് ദർശനം. ജനുവരി 20 ന് രാവിലെ 6.30 ന് നട അടയ്ക്കും. പന്തളം രാജപ്രതിനിധി മാത്രമാണ് അന്ന് ദർശനം നടത്തുക.

## വിളക്കെഴുന്നള്ളത്ത്, നായാട്ടുവിളിക്ക് സമാപനം

ശബരിമല മകരവിളക്ക് മഹോത്സവത്തിന്റെ പ്രധാന ചടങ്ങായ കളമെഴുത്ത്, വിളക്കെഴുന്നള്ളത്ത്, നായാട്ടുവിളിക്ക് സമാപനം. മാളികപ്പുറം മണിമണ്ഡപത്തിൽ മകരസംക്രമ ദിനം മുതൽ അഞ്ച് ദിവസത്തേയ്ക്കായിരുന്നു കളമെഴുത്ത്. അവസാന ദിനമായ ഇന്നലെ (ജനുവരി 18) തിരുവാഭരണ വിഭൂഷിതനായ ധർമശാസ്താവിനെ വരച്ചു. ബാലമണികണ്ഠവേഷം, വില്ലാളിവീരൻ, രാജകുമാരൻ, പുലിവാഹനൻ എന്നീ രൂപങ്ങളായിരുന്നു ആദ്യ നാലു ദിവസങ്ങളിൽ. അയ്യപ്പന്റെ ബാല്യം, കൗമാരം, യൗവനം, കർമപൂർത്തീകരണം, ധർമശാസ്താവിലേക്കുള്ള പരിണാമം എന്നിങ്ങനെയാണ് സങ്കൽപം. റാന്നി കുന്നയ്ക്കാട്ട് കുടുംബത്തിലെ രതീഷ് അയ്യപ്പകുറുപ്പ്, അജിത് ജനാർദന കുറുപ്പ്, ജയകുമാർ ജനാർദനകുറുപ്പ് എന്നിവർ നേതൃത്വം നൽകി. പന്തളം കൊട്ടാരം നൽകിയ മഞ്ഞൾ, ഉമിക്കരി, വാകപ്പൊടി, മഞ്ഞളും ചുണ്ണാമ്പും ചേർത്തുള്ള സിന്ദൂരം എന്നിവ ഉപയോഗിച്ച് കളമെഴുതി. കളമെഴുത്തിന് ശേഷം തലപ്പാറമല, ഉടുമ്പാറമല എന്നിവയുടെ കൊടികൾ, വാദ്യോപകരണങ്ങൾ, തീവെട്ടി, കുത്തുവിളക്ക് എന്നിവയുമായി ശരകുത്തിയിലേക്ക് എഴുന്നള്ളി നായാട്ടുവിളിച്ചു. ആദ്യ നാലു ദിവസം പതിനെട്ടാം പടിക്ക് താഴെയുള്ള നിലപാട് തറയിൽ നിന്ന് തെക്കോട്ട് നോക്കിയായിരുന്നു നായാട്ടുവിളി. ഉത്സവത്തിനെത്തിയ ഭക്തരെ ക്ഷേത്ര അതിർത്തിയിലെത്തിച്ച് യാത്രയാക്കുന്നു എന്നതാണ് ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്തിന്റെ വിശ്വാസം. ഉത്സവ വേളയിൽ ശബരിമലയിൽ നിന്ന് ഉൾക്കാടുകളിലേക്ക് പോയ അയ്യപ്പസ്വാമിയുടെ കാവലാളുകളായ ഭൂതഗണങ്ങളേയും മലദൈവങ്ങളേയും അയ്യപ്പസ്വാമി നേരിട്ട് വിളിച്ച് ശബരിമലയിലേക്ക് കൂട്ടിക്കൊണ്ടു വരുന്നു എന്ന സങ്കൽപത്തിലാണ് നായാട്ടുവിളി. റാന്നി – പെരുനാട് പുന്നമൂട്ടിൽ കുടുംബത്തിലെ പി.ജി. മഹേഷ് നായാട്ടുവിളിയിലെ ശീലുകൾ ചൊല്ലി. പദ്യരൂപത്തിൽ ചിട്ടപ്പെടുത്തിയ അയ്യപ്പസ്വാമിയുടെ ഐതിഹ്യം ആസ്പദമാക്കിയ 576 ശീലുകളാണിത്.

ശരംകുത്തിയിൽ നിന്ന് തീവെട്ടിയും മേളവുമില്ലാതെ നിശശ്ബദമായി മടങ്ങിയ സംഘം മാളികപുറത്തെത്തി. തുടർന്ന് മാളികപ്പുറം മേൽശാന്തി, നായാട്ടുവിളി സംഘം, തിരുവാഭരണ പേടകവാഹക സംഘം, കുത്തുവിളക്ക് എടുക്കുന്ന കഴകം എന്നിവർക്ക് മണിമണ്ഡപം കർമികൾ കിഴിപ്പണം നൽകി. തുടർന്ന് കളം മായ്ച്ചതോടെ ചടങ്ങ് അവസാനിച്ചു.